	കമ്പനികൾ	വർഷം	വി.ആർ.എസ്. പ്രകാരം പിരിഞ്ഞു പോയ ജീവനക്കാർ	തുക ലക്ഷത്തിൽ
12.	സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ്	2004	96	191.69
13.	സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്	2004	48	101.18
14.	കേരള ഗാർമെൻസ് ലിമിറ്റഡ്	2004	147	171.96
15.	കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ്	2004	207	487.59
16.	ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്	2004	50	163.00
17.	ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്	2004	255	650.65
18.	കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി	2004	202	779.00
	ആകെ		2324	6209.00

മലബാർ സിമൻറ്സിലെ നിയമനങ്ങൾ

104 [1284] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ 1-1-2004-നുശേഷം നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര നിയമനങ്ങൾ നടത്തി എന്ന് വെളിപ്പെടുത്തുമോ;

(ബി) നിയമനത്തിന്റെ പത്ര പരസ്യത്തിൽ ഒഴിവുകളുടെ എണ്ണം പറയാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(സി) പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം പി. എസ്. സി. വഴി ആയിരിക്കണമെന്ന സർക്കാർ ഉത്തരവ് ഉണ്ടായിട്ടും മലബാർ സിമന്റ്സിൽ നിയമനങ്ങൾ നടത്തുന്നത് നേരിട്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലേബർ ട്രൈബ്യൂണലിന്റെ ഉത്തരവ് ഉണ്ടായിട്ടും മലബാർ സിമന്റ്സിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഇ) ഇവരെ സ്ഥിരപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) മലബാർ സിമന്റ്സിൽ 1-1-2004-ന് ശേഷം 37 പേരെ സ്ഥിരഒഴിവുകളിലേയ്ക്കും, 18 പേരെ താൽക്കാലിക ഒഴിവുകളിലേയ്ക്കും നിയമിച്ചിട്ടുണ്ട്. തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നിയമനം സംബന്ധിച്ച് പത്രങ്ങളിൽ പരസ്യം ചെയ്യുമ്പോൾ ഒഴിവുകളുടെ എണ്ണം പലപ്പോഴും കാണിച്ചിട്ടുണ്ട്. ചില അവസരങ്ങളിൽ എണ്ണം കാണിക്കുന്നത് വിട്ടുപോയിട്ടുണ്ട്. എന്നാൽ ഇതേ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നോട്ടിഫൈ ചെയ്യുമ്പോൾ എല്ലായ്പ്പോഴും ഒഴിവുകളുടെ എണ്ണം രേഖപ്പെടുത്താറുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് കിട്ടുന്ന ലിസ്റ്റും, പത്രപരസ്യം മുഖേന കിട്ടുന്ന ലിസ്റ്റും സമന്വയിപ്പിച്ചാണ് തുടർനടപടികൾ സ്വീകരിക്കുന്നത്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ വർക്കേഴ്സ്, സൂപ്പർവൈസറി സ്റ്റാഫ്/മാനേജീരിയൽ സ്റ്റാഫ് എന്നിവ ഒഴികെയുള്ള തസ്തികകളിലാണ് പി.എസ്. സി. വഴി നിയമനം നടത്തുന്നതിന് നിർദ്ദേശം ഉള്ളത്. പി.എസ്. സി. വഴി നിയമനം നടത്തേണ്ട തസ്തികകളിലൊന്നിലും കമ്പനി നേരിട്ട് നിയമനം നടത്തുന്നില്ല.

(ഡി) കമ്പനിയ്ക്ക് ആവശ്യമായ ലോറിയിലെത്തുന്ന അസംസ്കൃത സാധനങ്ങൾ അൺലോഡ് ചെയ്യുന്നതിനും മസ്ദൂർ തസ്തികയിൽപ്പെട്ട ജീവനക്കാർ അപ്രതീക്ഷിതമായി അവധിയെടുക്കുമ്പോഴുണ്ടാകുന്ന ഒഴിവുകളിലും പകരക്കാരായാണ് കാഷ്വൽ ലേബറേഴ്സിനെ നിയോഗിക്കുന്നത്. അത്തരം തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് അവർ ചെയ്യുന്ന ജോലിയുടെ താൽക്കാലിക സ്വഭാവത്തിന് അനുസൃതമല്ലാത്തതിനാൽ അഭികാമ്യമല്ല. ലേബർ ട്രൈബ്യൂണലിന്റെ അവാർഡിൽ ഇക്കാര്യം തൃപ്തികരമായി പരിഗണിക്കാത്തതിനാൽ അതിനെതിരെ ഹൈക്കോടതിയിൽ കമ്പനി അപ്പീൽ നൽകിയിട്ടുണ്ട്.

(ഇ) മേൽപ്പറഞ്ഞ സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റ്

105 [1285] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റിലെ സിമന്റ് മില്ലിലേക്കുള്ള സ്പെയർപാർട്ട്സ് ലൈനർ പ്ലേറ്റ്, ഫാക്ടറി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly